I ഇ.ബി. XIV - കേരള നിയമസഭ/XVIII-3

# പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2020 ഫെബ്രുവരി 03, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I ചരമോപചാരം

ടി. എൻ. ചതുർവേദി, എം. കമലം, എസ്. സുന്ദരമാണിക്യം, പി. ടി. മോഹനകൃഷ്ണൻ, വി. ബാലറാം എന്നിവരുടെ നിര്യാണം

മുൻ കേരള ഗവർണർ ടി. എൻ. ചതുർവേദി, മുൻ മന്ത്രി എം. കമലം, മുൻ നിയമസഭാംഗങ്ങളായ എസ്. സുന്ദരമാണിക്യം, പി. ടി. മോഹനകൃഷ്ണൻ, വി. ബാലറാം എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ

അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## II ചെയർമാന്മാരുടെ പാനൽ

സർവ്വശ്രീ എസ്. രാജേന്ദ്രൻ, ജി. എസ്. ജയലാൽ, പി. കെ. ബഷീർ എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളന കാലത്തെ ചെയർമാന്മാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

## III അടിയന്തരപ്രമേയം

സംഗീതിന്റെ കൊലപാതകം

മി. സ്പീക്കർ: സ്വന്തം ഭൂമിയിൽനിന്നും മണ്ണ് കവർന്നെടുക്കുന്നത് തടയാൻ ശ്രമിച്ച കാട്ടാക്കടയിലെ സംഗീത് എന്ന പ്രവാസിയുടെ കൊലപാതകം അന്വേഷിക്കുന്നതിൽ പോലീസ് കൈക്കൊള്ളുന്ന അനാസ്ഥയും വീഴ്ചയുംമൂലം നിയമവാഴ്ച തകരാനിടയായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. വിൻസെന്റ്, കെ. എൻ. എ. ഖാദർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തിരുവനന്തപുരം കാട്ടാക്കട

കുളത്തുമ്മൽ വില്ലേജിൽ കാഞ്ഞിരവിള ശ്രീമംഗലം വീടിന് പിറകുവശത്തുള്ള സംഗീതിന്റെ പുരയിടത്തിൽനിന്നും ജെ.സി.ബി.-യും ടിപ്പറും ഉപയോഗിച്ച് മണ്ണിടിച്ച് കടത്തുന്നതായും ആയത് തടയാൻ ശ്രമിച്ച സ്ഥലം ഉടമയായ സംഗീതിനെ ജെ.സി.ബി. കൊണ്ട് ഇടിച്ച് പരിക്കേൽപ്പിച്ചതായും 24-01-2020-ന് രാത്രി ഒരു മണിയോടെ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ ഫോൺ സന്ദേശം ലഭിച്ചതിനെത്തുടർന്ന് കാട്ടാക്കട പോലീസ് സംഭവസ്ഥലത്തെത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നു. സംഗീതിന്റെയും സഹോദരിയുടെയും പുരയിടങ്ങളിൽനിന്നും മണ്ണിടിച്ചുകൊണ്ടുപോയ വിവരമറിഞ്ഞ് സ്ഥലത്തെത്തിയ സംഗീത് പോലീസിനെ വിവരമറിയിക്കുകയും മണ്ണിടിച്ച് കടത്തിയവരുമായി വാക്കുതർക്കത്തിലേർപ്പെട്ടുകയും ജെ.സി.ബി., ടിപ്പർ തുടങ്ങിയവ സ്ഥലത്തുനിന്നും മാറ്റാതിരിക്കാൻ കാറുപയോഗിച്ച് തടസ്സപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. മണ്ണിടിപ്പ് സംഘം കാർ തള്ളിമാറ്റിയും വീടിന്റെ ചായ്പ്പ് ഇടിച്ചുമാറ്റിയും ജെ.സി.ബി.-യും ടിപ്പറുമായി സ്ഥലത്തുനിന്നും രക്ഷപ്പെടാൻ ശ്രമിക്കുകയും അത് തടസ്സപ്പെടുത്തിയ സംഗീതിനെ ജെ.സി.ബി.-യുടെ ബക്കറ്റ് കൊണ്ട് അടിച്ചിട്ടശേഷം വാഹനങ്ങളുമായി കടന്നുകളയുകയും ചെയ്തു. പരിക്കേറ്റ

സംഗീത് മെഡിക്കൽ കോളേജ് ആശുപത്രിയിൽ വച്ച് മരണപ്പെടുകയുണ്ടായി. സംഗീതിന്റെ ബന്ധുവായ ലാലുവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ ചുമത്തി കാട്ടാക്കട പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും കേസിലുൾപ്പെട്ട പത്ത് പേരെ അറസ്റ്റ് ചെയ്യുകയും ജെ.സി.ബി., ടിപ്പർ തുടങ്ങിയവ പിടിച്ചെടുക്കുകയും ചെയ്തു. ഇൻക്വസ്റ്റ്, പോസ്റ്റുമോർട്ടം നടപടികൾക്കുശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുത്തിരുന്നു. കാട്ടാക്കട സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ കേസ് ഊർജ്ജിതമായി അന്വേഷിച്ചുവരികയാണ്. പോലീസ് യഥാസമയം നടപടിയെടുത്തില്ലെന്ന ആരോപണം സംബന്ധിച്ച് നെടുമങ്ങാട് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സ്വന്തം ഭൂമിയിൽനിന്നും മണ്ണെടുപ്പ് നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട സംഗീതിനെ മണ്ണുമാന്തി യന്ത്രമുപയോഗിച്ച് തലയ്ക്കടിച്ചാണ് മണ്ണ് മാഫിയ കൊലപ്പെടുത്തിയത്. അനുവാദമില്ലാതെ മണ്ണെടുത്തത് സംബന്ധിച്ച് രാത്രി 11.45-ന് വിളിച്ചറിയിച്ചിട്ടും 1.50 കഴിഞ്ഞാണ് പോലീസ് സ്ഥലത്തെത്തിയത്. നിരവധി തവണ വിളിച്ചിട്ടും

കുറ്റവാളികൾ രക്ഷപ്പെട്ടതിനുശേഷം പോലീസ് എത്തിയതിന് പിന്നിൽ ദുരൂഹതയുണ്ട്. ഇക്കാര്യത്തിൽ പോലീസിന് വീഴ്ച സംഭവിച്ചെന്ന് ഉന്നതപോലീസുദ്യോഗസ്ഥരടക്കം സമ്മതിച്ചിട്ടുണ്ട്. റിട്ടയേർഡ് പോലീസുദ്യോഗസ്ഥരുടെ സഹായത്തോടെ മണ്ണ്, മണൽ മാഫിയ സംഘങ്ങൾക്ക് ഒത്താശ ചെയ്യുന്ന കേന്ദ്രങ്ങളായി പോലീസ് സ്റ്റേഷനുകൾ അധഃപതിച്ചിരിക്കുകയാണ്. പോലീസിന്റെ നിഷ്ക്രിയത്വം കൊണ്ട് സംഭവിച്ച ഈ കൊലപാതകം അന്വേഷിക്കുന്നതിൽ വീഴ്ച വരുത്തിയ പോലീസുദ്യോഗസ്ഥർക്കെതിരെ അടിയന്തരനടപടി സ്വീകരിക്കുന്നതിനും കൊല്ലപ്പെട്ട സംഗീതിന്റെ ഭാര്യയ്ക്ക് സർക്കാർ ജോലിയും കുടുംബത്തിന് നഷ്ടപരിഹാരമായി 25 ലക്ഷം രൂപയും നൽകാനും നടപടിയുണ്ടാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സംഗീതിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് നാലു ദിവസത്തിനുള്ളിൽ മുഴുവൻ പ്രതികളെയും അറസ്റ്റ് ചെയ്യാൻ പോലീസിന് കഴിഞ്ഞിട്ടുണ്ട്. സംഗീതിന്റെ മരണംമൂലം നിരാലംബമായ കുടുംബത്തിന് അടിയന്തര സഹായം ലഭ്യമാക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: പോലീസ് സ്റ്റേഷനിൽ രാത്രി

11.45-ന് സംഗീത് വിവരമറിയിച്ച എന്ന കാര്യത്തിൽ വ്യക്തത വരുത്തുന്നതാണ്. വിവരമറിഞ്ഞിട്ടും പോലീസെത്താൻ വൈകി എന്ന പ്രാഥമിക നിഗമനമാണ് സർക്കാരിനുള്ളത്. അന്വേഷണ ചുമതലയുള്ള ഡിവൈ.എസ്.പി.-യുടെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ദീർഘകാലം ഒരേ സ്റ്റേഷനിൽ തുടരുന്നത് പ്രശ്നങ്ങളുണ്ടാക്കാൻ സാധ്യതയുള്ളതിനാൽ മൂന്ന് വർഷം ഒരേ സ്റ്റേഷനിൽ സേവനമനുഷ്ഠിച്ച പോലീസുകാരെ സ്ഥലംമാറ്റണമെന്ന സമീപനമാണ് സർക്കാരിനുള്ളത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) കേന്ദ്രധനവിഹിതം ലഭ്യമാക്കാൻ നടപടി

ശ്രീ. കെ. സുരേഷ് കുറുപ്പ്: കേന്ദ്രസർക്കാരിന്റെ നടപടികൾ സംസ്ഥാനത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ജി.എസ്.ടി.-യിൽനിന്നും ലഭിക്കേണ്ട അർഹമായ വിഹിതം നൽകാനോ സംസ്ഥാനത്തിന് അനുഭാവപൂർവ്വമായ പരിഗണന നൽകാനോ കേന്ദ്രസർക്കാർ തയ്യാറാകുന്നില്ല. അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളിൽനിന്നും കടമെടുക്കാനുള്ള വായ്പാപരിധി വെട്ടിക്കുറച്ചതിന്റെ ഫലമായി ട്രഷറി കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ഇത്തരമൊരു സാഹചര്യത്തിൽ സംസ്ഥാന സർക്കാർ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് വ്യക്തമാക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കേന്ദ്രസർക്കാർ കേരളത്തോട് കാട്ടുന്ന അവഗണന സംബന്ധിച്ച് 15-ാം ധനകാര്യ കമ്മീഷൻ ചർച്ചാവേളയിൽ സംസ്ഥാനം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയുണ്ടായി. ചരിത്രത്തിൽ ഏറ്റവും താഴ്ന്ന വിഹിതമാണ് ഇപ്പോൾ സംസ്ഥാനത്തിന് ലഭിച്ചിരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ റവന്യൂ കമ്മി

നികത്തുന്നതിന് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് അനുവദിക്കുമെന്നത് സംബന്ധിച്ച് അന്തിമതീരുമാനമായിട്ടില്ല. സാമ്പത്തികമാന്ദ്യത്തിന്റെ ഭാഗമായി സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര നികുതി വിഹിതം 2000 കോടി രൂപ കുറഞ്ഞിട്ടുണ്ട്. ജി.എസ്.ടി. സെസ്സിന്റെ വരുമാനമനുസരിച്ച് മാത്രമേ ജി.എസ്.ടി. കോമ്പൻസേഷൻ നൽകുകയുള്ളൂ എന്ന കേന്ദ്രസർക്കാർ നിലപാട് സംസ്ഥാനങ്ങളുടെ ധനസ്ഥിതിയെ അനിശ്ചിതത്വത്തിലാക്കുന്നു. ഇക്കാര്യങ്ങൾ സംബന്ധിച്ച് മറ്റ് സംസ്ഥാന ധനകാര്യ മന്ത്രിമാരുമായി ചർച്ച ചെയ്ത് യോജിച്ച നിലപാട് സ്വീകരിക്കുന്നതും ജി.എസ്.ടി. കോമ്പൻസേഷനുമായി ബന്ധപ്പെട്ട് നിയമനടപടികൾ ആലോചിക്കുന്നതും കേരളത്തിലും മറ്റ് സംസ്ഥാനങ്ങളിലും ഇതുസംബന്ധിച്ച പൊതുജനാഭിപ്രായം വളർത്തിയെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(2) ബ്രഹ്മപുരം മാലിന്യപ്ലാന്റ്

ശ്രീ. പി. ടി. തോമസ്: ബ്രഹ്മപുരം മാലിന്യപ്ലാന്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കൊച്ചി നഗരസഭയിലെ കക്കൂസ് മാലിന്യം സംസ്കരിക്കാനുള്ള സൗകര്യം വർദ്ധിപ്പിക്കുന്നതിനും മാലിന്യങ്ങൾ കവചിത വാഹനങ്ങളിൽ കൊണ്ടുപോകുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): കൊച്ചിയിലെയും സമീപപ്രദേശങ്ങളിലെയും മാലിന്യസംസ്കരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ബ്രഹ്മപുരത്ത് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ഖരമാലിന്യം സംസ്കരിച്ച് ഊർജ്ജം ഉല്പാദിപ്പിക്കുന്ന പ്ലാന്റ് സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിനെത്തുടർന്ന് കൊച്ചി കോർപ്പറേഷനും പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്ത സ്ഥാപനവും കൺസഷൻ എഗ്രിമെന്റിൽ ഒപ്പുവച്ചെങ്കിലും പാരിസ്ഥിതികാനുമതിയും സാമ്പത്തിക സ്രോതസ്സും ലഭ്യമാക്കുന്നതിൽ കമ്പനിക്കുണ്ടായ കാലതാമസംമൂലം പ്ലാന്റ് നിർമ്മാണം കൃത്യസമയത്ത് ആരംഭിക്കാൻ സാധിച്ചില്ല. നിലവിൽ പാരിസ്ഥിതികാനുമതി ലഭ്യമാവുകയും പവർ പർച്ചേസ് എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ വൈകാതെ തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാനാവശ്യമായ മോണിറ്ററിംഗ് നടത്താൻ സ്ഥിരം സംവിധാനമുണ്ടാക്കുന്നതാണ്.

## V സബ്മിഷൻ

### (1) കൊറോണ വൈറസ് ബാധ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ചൈനയിൽനിന്നും മടങ്ങിയെത്തിയ രണ്ട് മലയാളികളിൽ കൊറോണ വൈറസ് സ്ഥിരീകരിച്ചതും നിരവധിപേർ നിരീക്ഷണത്തിലുള്ളതും ആശങ്ക വർദ്ധിപ്പിച്ചിരിക്കുന്ന സാഹചര്യത്തിൽ അവിടെനിന്നും ഡൽഹിയിലെത്തിയ മലയാളികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുകയും രോഗബാധ സംബന്ധിച്ച് സമൂഹമാധ്യമങ്ങളിലൂടെ തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും വേണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കേന്ദ്ര ഏജൻസികളുടെ മാർഗ്ഗനിർദ്ദേശങ്ങളും പ്രോട്ടോക്കോളും അനുസരിച്ചാണ് കൊറോണ വൈറസ് രോഗബാധയ്ക്കെതിരെ നടപടി സ്വീകരിച്ചിട്ടുള്ളത്. ചൈനയിൽനിന്നും മടങ്ങിയെത്തുന്നവരെയും അവരുമായി ബന്ധപ്പെട്ടവരെയും കണ്ടെത്തി രോഗലക്ഷണങ്ങൾ ഉള്ളവരെ ആശുപത്രികളിലും മറ്റുള്ളവരെ വീടുകളിലും പാർപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇതുവരെ രണ്ട് കേസ്സുകൾ പോസിറ്റീവായി

റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും അവരുടെ നില ഗുരുതരമല്ല. ചൈനയിൽനിന്നും ഡൽഹിയിലെത്തിയവർക്ക് സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് കേന്ദ്ര ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ട്. ആവശ്യമായ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് വീണ്ടും കേന്ദ്രസർക്കാരുമായി ബന്ധപ്പെടുന്നതാണ്.

(2) പ്രണയം നിരസിച്ചതിനെത്തുടർന്നുണ്ടായ കൊലപാതകങ്ങൾ

ശ്രീ. എം. രാജഗോപാലൻ: പ്രണയം നിരസിക്കുന്നതിന്റെ പേരിൽ പെൺകുട്ടികളെ കൊലപ്പെടുത്തുന്നതും ആസിഡ് ആക്രമണം നടത്തുന്നതും അവസാനിപ്പിക്കാൻ നിയമനിർമ്മാണമുൾപ്പെടെയുള്ള ശക്തമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രണയം നിരസിക്കപ്പെട്ടുവെന്ന കാരണത്താൽ സ്ത്രീകൾ കൊല്ലപ്പെടുന്ന സംഭവങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നാളിതുവരെ രജിസ്റ്റർ ചെയ്ത കേസുകളിൽ മൂന്ന് സംഭവങ്ങളിലെ പ്രതികൾ മരണപ്പെട്ടിട്ടുള്ളതും 5 കേസുകളിൽ പ്രതികൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതും 2 കേസുകൾ അന്വേഷണത്തിലും മറ്റുള്ളവയിൽ കോടതി മുമ്പാകെ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതുമാണ്. കുട്ടികൾക്കിടയിലെ

വളർച്ചാപരവും സ്വഭാവപരവും വൈകാരികവുമായ വൈകല്യങ്ങൾ, മയക്കുമരുന്നിന്റെ ഉപയോഗം തുടങ്ങിയവ പ്രാരംഭഘട്ടത്തിൽ കണ്ടെത്തി പ്രാഥമിക ഇടപെടലുകൾ നടത്തുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നൽകാനും ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് മാതാപിതാക്കൾക്ക് കൃത്യമായ അവബോധം നൽകാനും വിദ്യാഭ്യാസ വകുപ്പുമുഖേന നടപടി സ്വീകരിക്കുന്നതാണ്.

(3) മാധ്യമപ്രവർത്തകരുടെ ആനുകൂല്യങ്ങൾ

ശ്രീ. പി. സി. ജോർജ്: മാധ്യമപ്രവർത്തകരുടെ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും എല്ലാ മാധ്യമപ്രവർത്തകരെയും പെൻഷൻ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അച്ചടി-ദൃശ്യ മേഖലയിലെ മാധ്യമപ്രവർത്തകർക്കുവേണ്ടി പെൻഷൻ പദ്ധതി, അക്രഡിറ്റേഷൻ, ആരോഗ്യ ഇൻഷ്വറൻസ്, ഹൗസിംഗ് സബ്സിഡി തുടങ്ങിയവ സർക്കാർ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നുണ്ട്. പെൻഷൻ പദ്ധതിക്കായി നിലവിലുള്ള ചട്ടം പരിഷ്കരിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള സമിതിയുടെ ശിപാർശ ലഭിക്കുന്നമുറയ്ക്ക് പുതിയ വിഭാഗങ്ങളെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(4) കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് സംഘടനയുടെ അംഗീകാരം

ശ്രീ. വി. കെ. പ്രശാന്ത്: അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയ്ക്ക് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയ്ക്ക് അംഗീകാരം നൽകണമെന്ന അപേക്ഷയിന്മേൽ വാട്ടർ അതോറിറ്റിയിൽനിന്ന് ആവശ്യമായ വിവരങ്ങളും ഇതുസംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമായ പരാതിയിലുന്നയിച്ച ആരോപണങ്ങളിന്മേലുള്ള റിപ്പോർട്ടും ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാരിൽനിന്ന് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് ടി സംഘടനയ്ക്ക് അംഗീകാരം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(5) ഒളവിലം-പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. എ. എൻ. ഷംസീർ: ഒളവിലം-പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം ത്വരിതപ്പെടുത്തണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ചൊക്ലി പഞ്ചായത്തിലെ ഒളവിലം-പാത്തിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തിക്ക്

ഐ.ഡി.ആർ.ബി.-യിൽനിന്ന് ലഭ്യമായ രൂപരേഖ പ്രകാരം 9 കോടി രൂപ അടങ്കൽത്തുക വരുന്ന പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി പ്രയോജനം ലഭിക്കുന്ന കൃഷിയിടങ്ങളുടെ ആയക്കെട്ട് റവന്യൂ അധികൃതരിൽനിന്ന് ലഭ്യമാകുന്നമുറയ്ക്ക് കോസ്റ്റ് ബെനിഫിറ്റ് റേഷ്യോ കൂടി ഉൾപ്പെടുത്തി വിശദമായ പദ്ധതിരേഖ തയ്യാറാക്കി ഫണ്ട് ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുന്നതും ഇതുസംബന്ധിച്ച് യോഗം വിളിച്ചുചേർക്കുന്നതുമാണ്.

(6) ഓപ്പറേഷൻ പ്യൂവർ വാട്ടർ പദ്ധതി

ശ്രീ. ജോൺ ഫെർണാണ്ടസ്: പശ്ചിമ കൊച്ചി മേഖലയിലെ ഓപ്പറേഷൻ പ്യൂവർ വാട്ടർ പദ്ധതി  മെച്ചപ്പെടുത്തി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): 2020 ജനുവരി 1-ന് ആരംഭിച്ച ഓപ്പറേഷൻ പ്യൂവർ വാട്ടർ പദ്ധതിയുമായി ബന്ധപ്പെട്ട് ടാങ്കർ ലോറികളിൽ ജലവിതരണം നടത്തിയതുമൂലം വാട്ടർ അതോറിറ്റി പ്രതിദിനം വിതരണം ചെയ്തുവരുന്ന ജലത്തിന്റെ അളവിൽ കുറവ് വന്നിട്ടില്ലെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എന്നാൽ വൈദ്യുതി തടസ്സംമൂലം ചില ദിവസങ്ങളിൽ വിതരണം ചെയ്ത വെള്ളത്തിന്റെ അളവിൽ  കുറവ് വന്നിട്ടുണ്ട്.

(7) ആധാരമെഴുത്തുകാരുടെ ജോലി സംരക്ഷണം

ശ്രീ. എസ്. രാജേന്ദ്രൻ: ആധാരമെഴുത്തുകാരുടെ ജോലി സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 1960-ലെ ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങൾ പ്രകാരം വക്കീലൻമാർക്കും പ്ലീഡർമാർക്കും ആധാരം തയ്യാറാക്കി നൽകാമെങ്കിലും ആധാരമെഴുത്ത് മേഖലയിൽ ജോലി ചെയ്യുന്നവർ ആശങ്കപ്പെടേണ്ട സാഹചര്യം നിലവിലില്ല. ആധാരമെഴുതുന്നവർക്കായി പരീക്ഷ നടത്തി ലൈസൻസ് നൽകുകയും ധാരാളംപേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. അഡ്വക്കേറ്റുമാരും കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നവരും ആധാരമെഴുതാൻ പാടില്ലെന്ന ഗവൺമെന്റ് ഉത്തരവുണ്ട്. ആവശ്യമെങ്കിൽ നിലവിലെ ചട്ടം ഭേദഗതി ചെയ്ത് അവരെ നിരോധിക്കുന്ന കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

(8) മേൽപ്പാല നിർമ്മാണം

ശ്രീ. കെ. എൻ. എ. ഖാദർ: വേങ്ങര ടൗണിൽ മേൽപ്പാലം നിർമ്മിക്കാൻ സത്വര നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ജില്ലാ ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിലുൾപ്പെട്ട നാട്ടുകാണി - പരപ്പനങ്ങാടി റോഡിന്റെ വൈഡനിംഗും ജംഗ്ഷൻ ഇംപ്രൂവ്മെന്റും പൂർത്തിയാകുന്നതോടെ വേങ്ങര ടൗണിലെ ഗതാഗതക്കുരുക്കിന് പരിഹാരമുണ്ടാകുന്നതാണ്.

(9) സേവന-വേതന വ്യവസ്ഥകൾ

ശ്രീ. മോൻസ് ജോസഫ്: മൃഗസംരക്ഷണ വകുപ്പ് കാലോചിതമായി നവീകരിക്കുന്നതിനും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ, ഫീൽഡ് ഓഫീസർമാർ, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളിലെ അപാകതകൾ പരിഹരിക്കുന്നതിനും ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ തസ്തികനാമം വെറ്ററിനറി ഇൻസ്പെക്ടർമാർ എന്നാക്കി മാറ്റുന്നതിനും സ്വകാര്യ കൃത്രിമ ബീജദാന കേന്ദ്രങ്ങൾ അനുവദിക്കുന്നത് നിർത്തലാക്കുന്നതിനും നടപടി സ്വീകരിക്കണം.

(മറുപടി മേശപ്പുറത്തുവച്ചു)

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ

മേശപ്പുറത്തുവച്ചു.

## VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

കൊറോണ വൈറസ് രോഗബാധ

സംസ്ഥാനത്ത് കൊറോണ വൈറസ് രോഗബാധ സ്ഥിരീകരിച്ചതിനെത്തുടർന്നുള്ള സാഹചര്യം സംബന്ധിച്ച് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## VIII ക്രമപ്രശ്നം

ബി.എ.സി. യോഗം സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: 31-01-2020-ന് കൂടിയ കാര്യോപദേശക സമിതിയുടെ യോഗാനന്തരം പ്രതിപക്ഷനേതാവ് ചട്ടം 130 പ്രകാരം ഉപക്ഷേപത്തിന് നൽകിയ നോട്ടീസ് നിരാകരിച്ച വിവരം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മാധ്യമങ്ങളിലൂടെ പരസ്യപ്പെടുത്തിയ നടപടി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ ലംഘനവും സഭയോടും സഭാദ്ധ്യക്ഷനോടുമുള്ള അവഹേളനവുമാണ്. ഇത്തരം

സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ റൂളിംഗ് നൽകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): കാര്യോപദേശക സമിതിയുടെ യോഗാനന്തരം പത്ര-ദൃശ്യമാധ്യമങ്ങൾക്ക് നൽകിയ അഭിമുഖത്തിൽ കാര്യോപദേശക സമിതിയുടെ തീരുമാനപ്രകാരം എന്ന വാക്ക് പരാമർശിക്കുകയോ യോഗതീരുമാനം വെളിപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രതിപക്ഷനേതാവ് ചട്ടം 130 പ്രകാരം നോട്ടീസ് നൽകിയതിനുശേഷം പ്രസ്തുത പ്രമേയം അംഗീകരിക്കാൻ സാധിക്കുകയില്ലെന്നും നടപ്പുസമ്മേളനത്തിന്റെ കാര്യവിവരപ്പട്ടികയിൽ പുതിയ ഇനം ഉൾപ്പെടുത്തുന്നതിന് സമയലഭ്യതയില്ലെന്നുമുള്ള സർക്കാർ തീരുമാനം വെളിപ്പെടുത്തുക മാത്രമാണുണ്ടായത്.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ റിപ്പോർട്ട് സഭ അംഗീകരിക്കുന്നതിനുമുമ്പ് പരസ്യമാക്കുന്നത് കീഴ്വഴക്കങ്ങൾക്കെതിരാണ്. ഈ വിഷയത്തിന്റെ വിവിധ വശങ്ങളും വീഡിയോ ക്ലിപ്പുകളും പരിശോധിച്ച് റൂളിംഗ് നൽകുന്നതാണ്.

## IX റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ചട്ടം 215 പ്രകാരമുള്ള പ്രമേയം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് അതേ സമിതിക്കുതന്നെ തിരിച്ചയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

31-12-2019-ൽ കേരള നിയമസഭ 2019-ലെ പൗരത്വ ഭേദഗതി നിയമത്തിനെതിരെ പ്രമേയം പാസ്സാക്കി. ഭരണഘടനയുടെ അനുച്ഛേദം 163 പ്രകാരം നിയമസഭയുടെ അവിഭാജ്യഘടകമായ സംസ്ഥാന ഗവർണ്ണർ പ്രസ്തുത പ്രമേയത്തെ പൊതുവേദികളിൽ തള്ളിപ്പറയുകയും നിശിതമായി വിമർശിക്കുകയും നിയമപരമായോ ഭരണഘടനാപരമായോ നിലനിൽപ്പില്ലാത്തതാണെന്നും പ്രസ്തുത പ്രമേയം പാസ്സാക്കുക വഴി നിയമസഭ സമയവും നികുതിപ്പണവും പാഴാക്കുകയാണെന്നും പരസ്യമായി പ്രസ്താവിച്ചത് ശരിയായ നടപടിയല്ല. ഗവർണ്ണർ എതിർപ്പ് അറിയിക്കേണ്ടത് സഭാദ്ധ്യക്ഷനായ സ്പീക്കറെയാണ്. ആയതിനാൽ പ്രസ്തുത ഉപക്ഷേപം കാര്യോപദേശക സമിതി വീണ്ടും ചർച്ച ചെയ്യണമെന്നും കാര്യോപദേശക

സമിതി റിപ്പോർട്ട് അതേ സമിതിക്ക് തിരിച്ചയയ്ക്കണമെന്നും ആവശ്യപ്പെടുന്നു.

ശ്രീ. പി. ടി.തോമസ്: പ്രമേയത്തെ പിന്താങ്ങുന്നു. കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് അതേ സമിതിക്ക് തിരിച്ചയയ്ക്കുന്നതോടൊപ്പം പ്രസ്തുത പ്രമേയം ചർച്ച ചെയ്യാൻ തയ്യാറാകണം.

ഡോ. എം. കെ. മുനീർ: പ്രമേയത്തെ പിന്താങ്ങുന്നു. നിയമസഭ പാസ്സാക്കിയ പ്രമേയത്തെ അവഹേളിച്ച ഗവർണ്ണറെ തിരിച്ചുവിളിക്കണമെന്ന ആവശ്യത്തിന്മേലുള്ള സർക്കാർ സമീപനം തിരുത്തപ്പെടണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: പ്രമേയത്തെ പിന്താങ്ങുന്നു. പൗരത്വ ഭേദഗതി നിയമത്തിനെതിരെ നിയമസഭ പാസ്സാക്കിയ പ്രമേയത്തെ എതിർക്കുന്നതിലൂടെ നിയമസഭയെ അവഹേളിച്ച ഗവർണ്ണറെ തിരിച്ചുവിളിക്കണമെന്ന പ്രമേയം ചർച്ച ചെയ്യാൻ തയ്യാറാകണം.

ശ്രീ. എം.ഉമ്മർ: കേരള സർക്കാർ പൗരത്വ ഭേദഗതി നിയമത്തിനെതിരെ സുപ്രീംകോടതിയിൽ കേസ് കൊടുത്തത് ഭരണഘടനാവിരുദ്ധമാണെന്ന ഗവർണ്ണറുടെ പരാമർശത്തിനെതിരെ പ്രതിഷേധം രേഖപ്പെടുത്തുന്നു. ഗവർണ്ണറെ തിരിച്ചുവിളിക്കണമെന്ന പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കണം.

ശ്രീ. അനൂപ് ജേക്കബ്: നിയമസഭയെ അവഹേളിക്കുന്ന തരത്തിലുള്ള

ഗവർണ്ണറുടെ വാക്കുകൾ പ്രതിഷേധാർഹമാണ്. കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് പ്രസ്തുത സമിതിക്ക് തിരിച്ചയയ്ക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇന്ത്യൻ ഭരണഘടന പ്രകാരം ഗവർണ്ണർ സംസ്ഥാന ഭരണത്തലവനാണ്. എൻ.പി.ആർ.-ഉമായി ബന്ധപ്പെട്ട് സെൻസസ് മേധാവിയേയും ജില്ലാ കളക്ടർമാരേയും സർക്കാർ നിലപാട് അറിയിക്കുകയും ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർത്തിവയ്ക്കാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ഈ വിഷയവുമായി ബന്ധപ്പെട്ട് അനുഭാവപൂർവ്വം പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഗവർണ്ണറുടെ അഭിപ്രായപ്രകടനത്തിനെതിരെ എല്ലാ അംഗങ്ങളും വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തെ തിരിച്ച് വിളിക്കണമെന്ന പ്രതിപക്ഷനിലപാട് ഉചിതമല്ല.

കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് പ്രസ്തുത സമിതിക്കുതന്നെ മടക്കി അയയ്ക്കണമെന്ന ഉപക്ഷേപം 36-നെതിരെ 74 വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ നിരാകരിച്ചു.

**X റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പതിനേഴാമത് റിപ്പോർട്ട് 37-നെതിരെ 73

വോട്ടുകളോടെയും ഒരു നിഷ്പക്ഷ വോട്ടോടെയും സഭ അംഗീകരിച്ചു.

## XI ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. എസ്. ശർമ്മ: " 2020 ജനുവരി 29-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ആർ. രാജേഷ്: പ്രമേയത്തെ പിന്താങ്ങുന്നു.

(ശ്രീ. കെ. സി. ജോസഫിനുവേണ്ടി ശ്രീ. പി. ടി. തോമസ്, സർവ്വശ്രീ ടി. ജെ. വിനോദ്, പി. ടി. തോമസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, അൻവർ സാദത്ത്, റോജി എം. ജോൺ, വി. പി. സജീന്ദ്രൻ, സണ്ണി ജോസഫ്, എ. പി. അനിൽ കുമാർ, വി. എസ്. ശിവകുമാർ, വി. ടി. ബൽറാം, ഷാഫി പറമ്പിൽ, എം. വിൻസെന്റ്, വി. ഡി. സതീശൻ, അനിൽ അക്കര, ഐ. സി. ബാലകൃഷ്ണൻ, കെ. എസ്. ശബരീനാഥൻ, ടി. വി. ഇബ്രാഹിം, പാറക്കൽ അബ്ദുല്ല, മഞ്ഞളാംകുഴി അലി, അബ്ദുൽ ഹമീദ്. പി., പി. കെ. അബ്ദുറബ്ബ്, കെ. എൻ. എ. ഖാദർ, എം. സി. കമറുദ്ദീൻ, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്,

അനൂപ് ജേക്കബ്, എൻ. എ. നെല്ലിക്കുന്ന്, സി. മമ്മൂട്ടി, ടി. എ. അഹമ്മദ് കബീർ, പി. ഉബൈദുള്ള, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി ഷാനിമോൾ ഉസ്മാൻ എന്നീ അംഗങ്ങൾ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.)

<u>ശ്രീ. എസ്. ശർമ്മ</u>: പാർലമെന്റ് പാസ്സാക്കിയ പൗരത്വ ഭേദഗതി നിയമം സംസ്ഥാനത്ത് നടപ്പാക്കില്ലെന്നും ജനസംഖ്യ/പൗരത്വ രജിസ്റ്ററുകളും തടങ്കൽ പാളയങ്ങളും അനുവദിക്കില്ലെന്നും പരസ്യ നിലപാട് സ്വീകരിച്ച മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നു. കേരളത്തിന്റെ മതനിരപേക്ഷതയും അഖണ്ഡതയും കാത്തുസൂക്ഷിക്കാൻ ഭരണ-പ്രതിപക്ഷ ഭേദമെന്യേ പ്രവർത്തിക്കാൻ തയ്യാറാകണം. രാജ്യം സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോഴും ജനങ്ങളെ ഭിന്നിപ്പിച്ച് ഭരിക്കുകയെന്ന കേന്ദ്ര നിലപാട് പ്രതിഷേധാർഹമാണ്. കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിന്റെ അർഹതപ്പെട്ട നികുതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയതും നവകേരള നിർമ്മിതിക്കുള്ള ധനാഗമമാർഗ്ഗങ്ങൾ തടയലും കിഫ്ബിയെ തകർക്കാനുള്ള നീക്കവും അപലപനീയമാണ്. 18 ലക്ഷത്തോളം പേർക്ക് വിവിധ സാമൂഹ്യ സുരക്ഷാ-ക്ഷേമപെൻഷനുകൾ നൽകുകയും കിഫ്ബിയിലൂടെ കോടിക്കണക്കിന് രൂപയുടെ വികസന

പ്രവർത്തനങ്ങൾക്ക് അനുമതി നൽകുകയും വികസന-ക്ഷേമ രംഗങ്ങളിൽ നിരവധി കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും ലൈഫ് പദ്ധതിയിലൂടെ രണ്ട് ലക്ഷത്തിലധികം വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്ത സർക്കാരിനെ അഭിനന്ദിക്കുന്നു. ജാതി-മത-രാഷ്ട്രീയ താല്പര്യങ്ങൾക്കതീതമായി ജനക്ഷേമകരമായ നടപടികൾ നടപ്പാക്കുമെന്നുള്ള സർക്കാരിന്റെ ഉറച്ച നിലപാടാണ് നയപ്രഖ്യാപന പ്രസംഗത്തിലൂടെ വ്യക്തമാക്കിയിരിക്കുന്നത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പൊതുമുതൽ സ്വകാര്യ കുത്തകകൾക്ക് അടിയറവ് വയ്ക്കുന്ന കേന്ദ്ര സർക്കാർ നയത്തിന് ബദലായി വിവിധ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനം ശ്ലാഘനീയമാണ്. പൗരത്വ ഭേദഗതി നിയമത്തിൽ രാജ്യത്തിനാകെ മാതൃകയാകുന്ന നിലപാട് സ്വീകരിച്ച സർക്കാരിനെ തകർക്കുന്നതിനുള്ള പ്രതിപക്ഷലക്ഷ്യം പ്രതിഷേധാർഹമാണ്. പ്രവാസികൾക്ക് ഏർപ്പെടുത്തിയ നികുതി നിർദ്ദേശങ്ങൾ പിൻവലിക്കുന്നതിനും സംസ്ഥാനത്തിന് അർഹമായ ധനസഹായം നേടിയെടുക്കുന്നതിനും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു.

പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട തുക പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാതെയും ബാറുകൾക്ക് യഥേഷ്ടം പ്രവർത്തനാനുമതി നൽകുന്നതുമായ സർക്കാർ നിലപാട് പ്രതിഷേധാർഹമാണ്. ഓഖി ദുരിതബാധിതർക്കുള്ള തുക ഫലപ്രദമായി വിനിയോഗിക്കാനോ മത്സ്യത്തൊഴിലാളികൾക്കായി മുൻവർഷങ്ങളിൽ ബഡ്ജറ്റിൽ നീക്കിവച്ച തുക ചെലവഴിക്കാനോ ഈ സർക്കാരിന് സാധിച്ചിട്ടില്ല. ജീവൻരക്ഷാ മരുന്നുകളും ഹീമോഫീലിയ രോഗികൾക്കുള്ള മരുന്നുകളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ഭൂമാഫിയയെ നിയന്ത്രിക്കുന്നതിൽ സർക്കാർ പൂർണ്ണ പരാജയമാണെന്നതാണ് സമീപകാല സംഭവങ്ങൾ സൂചിപ്പിക്കുന്നത്. കിഫ്ബിയിൽ പദ്ധതികൾ പ്രഖ്യാപിക്കുന്നതല്ലാതെ ആവശ്യമായ തുക കണ്ടെത്താൻ സാധിക്കുന്നില്ല. സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് നയപ്രഖ്യാപനപ്രസംഗത്തിൽ യാതൊന്നും പരാമർശിച്ചിട്ടില്ല. പ്രായം ചെന്ന ആളുകൾ മസ്റ്ററിംഗിനായി വില്ലേജാഫീസുകളിൽ പോകേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കണം.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പൗരത്വനിയമ ഭേദഗതിയിലൂടെ രാജ്യം അഭിമുഖീകരിക്കുന്ന അസാധാരണമായ

സാഹചര്യം നേരിടാൻ ഒന്നിച്ചുനിൽക്കണം. പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പൊതുവിദ്യാലയങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. ഭരണഘടനാ വിരുദ്ധമായ നടപടികൾ കൈക്കൊള്ളുന്ന കേന്ദ്ര നയങ്ങൾ തിരുത്തപ്പെടണം. ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി യോജിച്ച പോരാട്ടത്തിന് തയ്യാറാകണം.

ശ്രീ. കെ. എൻ. എ. ഖാദർ: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഭരണഘടനാ സംരക്ഷണത്തിന് ലോക കേരള സഭ മാതൃകയിൽ സംസ്ഥാനതലത്തിൽ പൊതുവേദി രൂപീകരിക്കുന്നതിന് സർക്കാർ മുൻകയ്യെടുക്കണം. ഭരണഘടനാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുള്ള യോജിച്ച പോരാട്ടത്തിനായി രാഷ്ട്രീയ പാർട്ടികൾ തയ്യാറാകണം.

ശ്രീമതി പി. അയിഷാ പോറ്റി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും മുന്നേറ്റം സൃഷ്ടിക്കുന്ന നയങ്ങളാണ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കിഫ്ബി സംവിധാനത്തിലൂടെ ഭരണ - പ്രതിപക്ഷ ഭേദമെന്യേ എല്ലാ മണ്ഡലങ്ങളിലും വികസന വിപ്ലവം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ വിദ്യാഭ്യാസരംഗത്ത് സമാനതകളില്ലാത്ത മാറ്റങ്ങൾ സൃഷ്ടിച്ചതും കൃഷി

വ്യാപനവും തൊഴിൽ കേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചതും സർക്കാരിന്റെ എടുത്തുപറയേണ്ട നേട്ടങ്ങളാണ്. മികച്ച വ്യവസായ സൗഹൃദ സംസ്ഥാനം എന്ന ലക്ഷ്യം സ്വാഗതാർഹമാണ്. കാര്യക്ഷമമായ വിപണി ഇടപെടലിലൂടെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സർക്കാരിന് സാധിച്ചു.

ശ്രീ. മോൻസ് ജോസഫ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. രാജ്യം ഉയർത്തിപ്പിടിക്കുന്ന മതേതരത്വനിലപാടും മൂല്യങ്ങളും സംരക്ഷിക്കാനുള്ള പ്രയാണത്തിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ കേരളം ഒറ്റക്കെട്ടാണെന്ന സമീപനം ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞത് സ്വാഗതാർഹമാണ്. കാർഷികമേഖലയുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കണം. ട്രഷറി നിയന്ത്രണമുൾപ്പെടെ കേരളം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിച്ച് വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലേയ്ക്ക് പോകുന്ന സാഹചര്യമൊഴിവാക്കണം. പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ ത്വരിതഗതിയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പുരുഷൻ കടലുണ്ടി: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. വാഗ്ദാനങ്ങൾ പ്രാവർത്തികമാക്കിയ സർക്കാരാണിത്. സംസ്ഥാനത്ത് നിക്ഷേപം

ആകർഷിക്കാനും അടിസ്ഥാനസൗകര്യ വികസന മേഖലയിൽ മുന്നേറ്റം നടത്താനും പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാനും നടത്തിയിട്ടുള്ള പ്രവർത്തനം പ്രശംസനീയമാണ്. കിഫ്ബി ധനസഹായത്തോടുകൂടി വിവിധ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തി. കേന്ദ്രസർക്കാർ പാസ്സാക്കിയ പൗരത്വ ഭേദഗതി നിയമത്തിനെതിരെ കേരള നിയമസഭ പ്രമേയം പാസ്സാക്കിയ നടപടി മാതൃകാപരമാണ്.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ട്രഷറി നിയന്ത്രണം സംസ്ഥാനത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നയിച്ചിരിക്കുകയാണ്. സർക്കാരിന്റെ ധൂർത്ത് അവസാനിപ്പിക്കണം.

<u>ശ്രീ. എം. മുകേഷ്</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സമസ്തമേഖലകളിലും പ്രകടമായ പുരോഗതി കൈവരിക്കാൻ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കൊറോണ വൈറസ് ബാധ നേരിടാനായി ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. പൗരത്വ ഭേദഗതി നിയമം റദ്ദാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം പാസ്സാക്കിയ സർക്കാർ നടപടി മാതൃകാപരമാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: നന്ദിപ്രമേയത്തെ എതിർക്കുന്നു. കരാറുകാരുകടെ കുടിശ്ശിക കൊടുത്തുതീർക്കാൻ കഴിയാത്തതും ജീവനക്കാരുടെ ശമ്പളപരിഷ്കരണം യഥാസമയം നടത്താൻ സാധിക്കാത്തതും സർക്കാരിന്റെ കെടുകാര്യസ്ഥതയ്ക്ക് ഉദാഹരണങ്ങളാണ്.

ശ്രീ. ബി. സത്യൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര നിലപാട് പ്രതിഷേധാർഹമാണ്. സുസ്ഥിര വികസന സൂചികയിലും ഭക്ഷ്യസുരക്ഷാ സൂചികയിലും കേരളം ഒന്നാമതെത്തിയത് അഭിനന്ദനാർഹമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വർദ്ധിപ്പിച്ചതും തൊഴിൽ ചൂഷണം തടയുന്നതിനുള്ള നിയമനിർമ്മാണം നടത്തിയതും കടാശ്വാസ കമ്മീഷന്റെ മികവുറ്റ പ്രവർത്തനങ്ങളും ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലെ നേട്ടങ്ങളും ശ്രദ്ധേയമാണ്.

ശ്രീ. വി. അബ്ദുറഹിമാൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സർക്കാർ ആർജ്ജിച്ച നേട്ടങ്ങൾ അവിസ്മരണീയമാണ്. വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കിഫ്ബി വഹിച്ച പങ്ക് വലുതാണ്. മലയാളം മിഷന്റെ പ്രവർത്തനവും കലാ-സാംസ്കാരിക

രംഗങ്ങളിലെ നേട്ടങ്ങളും റോഡ് നിർമ്മാണത്തിൽ നൂതന സാങ്കേതികവിദ്യകൾ നടപ്പാക്കിയതും ശ്ലാഘനീയമാണ്. കേരള ബാങ്ക് രൂപീകരണം സ്വാഗതാർഹമാണ്. മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള ഭവന പദ്ധതിയുൾപ്പെടെയുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കിയത് തീരദേശമേഖലയുടെ വികസന ചരിത്രത്തിൽ സുവർണ്ണ അദ്ധ്യായം കുറിക്കുന്നതാണ്.

ശ്രീ. പി. സി. ജോർജ്: പൗരത്വ ഭേദഗതി നിയമവുമായി ബന്ധപ്പെട്ട് നിയമസഭ പ്രമേയം പാസ്സാക്കിയതിനപ്പുറം മറ്റ് സമരപരിപാടികൾ സംഘടിപ്പിക്കുന്നതിൽ പരാജയപ്പെട്ടുകയാണുണ്ടായത്. കർഷകർക്ക് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യമേർപ്പെടുത്തുകയും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. സംസ്ഥാന റവന്യൂ വരുമാനത്തിന്റെ ഭൂരിഭാഗവും സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി ചെലവഴിക്കുന്ന സാഹചര്യത്തിൽ ശമ്പള പരിഷ്കരണ നടപടി അവസാനിപ്പിക്കണം.

ശ്രീ. മാത്യു ടി. തോമസ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. അടിസ്ഥാനസൗകര്യങ്ങൾ, ജലസുരക്ഷ, ആരോഗ്യ മേഖലയിലെ സേവനങ്ങൾ,

വിദ്യാഭ്യാസ നിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിന് സുവ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. വികസന പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുക, പ്രതിസന്ധികളെ അതിജീവിക്കുക, ഭരണഘടന ഉറപ്പ് നൽകുന്ന ഉദാത്തമായ മൂല്യങ്ങൾ സംരക്ഷിക്കുക തുടങ്ങിയ കാര്യങ്ങൾക്ക് മുൻഗണന നൽകുന്ന നയപ്രഖ്യാപന പ്രസംഗമാണിത്. രാജ്യത്തിന്റെ നിലനിൽപ്പിനുവേണ്ടി ഭരണഘടന ഉറപ്പുവരുത്തുന്ന മൂല്യങ്ങൾ സംരക്ഷിക്കാൻ ഒരുമിച്ച് പോരാടണം.

ശ്രീ. ജോർജ് എം. തോമസ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കിയ വാഗ്ദാനങ്ങളുടെ പൂർത്തീകരണവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചുള്ള കാഴ്ചപ്പാടും വ്യക്തമാക്കുന്നതാണ് നയപ്രഖ്യാപന പ്രസംഗം. സി.എ.എ., എൻ.ആർ.സി., എൻ.പി.എ. തുടങ്ങിയ നിയമങ്ങൾ നടപ്പിലാക്കില്ലെന്നും കരുതൽ പാളയങ്ങൾ ഉണ്ടാകില്ലെന്നുമുള്ള മുഖ്യമന്ത്രിയുടെ നിലപാട് ശ്ലാഘനീയമാണ്.

ശ്രീ. പാറക്കൽ അബ്ദുല്ല: നന്ദിപ്രമേയത്തെ എതിർക്കുന്നു. വർഗ്ഗീയ-തീവ്രവാദ ശക്തികളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് സർക്കാർ

സ്വീകരിക്കുന്നത്. ദേശീയ ജനസംഖ്യാ രജിസ്റ്റർ തയ്യാറാക്കാൻ ശ്രമിക്കുന്ന കേന്ദ്ര നീക്കത്തെ തടയണം.

ശ്രീ. എം. നൗഷാദ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പൗരത്വ ഭേദഗതി നിയമത്തിനെതിരെ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. കോർപ്പറേറ്റ് ശക്തികളെ വളർത്തുകയും രാജ്യത്ത് അസഹിഷ്ണുത പടർത്തുകയും സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം നിഷേധിക്കുകയും ചെയ്യുന്ന കേന്ദ്ര സർക്കാർ നിലപാട് പ്രതിഷേധാർഹമാണ്. ആരോഗ്യ മേഖലയിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്.

ശ്രീ. സണ്ണി ജോസഫ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. മുൻ നയപ്രഖ്യാപന പ്രസംഗങ്ങളിൽ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കാനോ കാർഷികമേഖല നേരിടുന്ന വിലത്തകർച്ച, വിളനാശം, കർഷക ആത്മഹത്യ എന്നിവയ്ക്ക് പരിഹാരം കാണാനോ സർക്കാരിന് കഴിഞ്ഞിട്ടില്ല. പ്രളയദുരിതാശ്വാസത്തിനായി പിരിച്ച പണം ഇതുവരെ ചെലവഴിച്ചിട്ടില്ല. ഉന്നത വിദ്യാഭ്യാസ മേഖല ഇന്ന് കുത്തഴിഞ്ഞ സ്ഥിതിയിലാണ്. ഖജനാവിലെ പണം ധൂർത്തടിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സർക്കാർ വാഗ്ദാനം നൽകിയ കാര്യങ്ങളിൽ ഭൂരിഭാഗവും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സ്കൂൾ വിദ്യാഭ്യാസം ഹൈടെക് ആക്കുന്നതിനും യുവജനങ്ങൾക്ക് തൊഴിലവസരം

സൃഷ്ടിക്കുന്നതിനും സ്ത്രീകൾക്ക് തുല്യതയും തൊഴിലാളികൾക്കും ഭിന്നശേഷിക്കാർക്കും പ്രത്യേക പരിരക്ഷയും നൽകുന്നതിനും ആധുനിക നിലവാരത്തിലുള്ള റോഡുകൾ നിർമ്മിക്കുന്നതിനും സർക്കാർ ആശുപത്രികൾ ആധുനിക നിലവാരത്തിലാക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

സഭ വൈകുന്നേരം 05.06-ന് പിരിഞ്ഞു.

---------------------